LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ജനുവരി 19, തിങ്കൾ

വാല്യം CXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2004 ജനുവരി മാസം 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യംനമ്പർ 1

മെഡിക്കൽ കോളേജുകളിലെ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങൾ

*1 [1] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. കെ. സി. മമ്മത്കോയ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സ്വകാര്യ പങ്കാളിത്തം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് സ്വകാര്യ പങ്കാളിത്തം അനുവദിച്ചിട്ടുള്ളത് ;

(സി) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ സംരംഭകർ രോഗികളിൽനിന്നും ഈടാക്കുന്ന ഫീസ് വിനിയോഗിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ പങ്കാളിത്തം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) 4-1-2002-ലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ ഓർഡർ പ്രകാരം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതിനുള്ള പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത ഉത്തരവിൽ വിവക്ഷിച്ച രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. 18-1-2003-ൽ കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സമ്മേളനത്തിൽ ചില സ്വകാര്യ സ്ഥാപനങ്ങളുമായി സംസ്ഥാനത്തെ ആരോഗ്യ പരിപാലന രംഗത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ചില പദ്ധതികളിൻമേൽ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻമേലുള്ള വിശദമായ ചർച്ചകളും പഠനങ്ങളും നടന്നുവരുന്നതേയുള്ളൂ. എന്നാൽ ചില സംഘടനകളുടെ നേതൃത്വത്തിൽ തികച്ചും സേവനോൽസുകമായ ചില സംരംഭങ്ങളും വികസന പ്രവർത്തനങ്ങളും ലാഭേച്ഛ ഇല്ലാതെ നടത്തപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തിരുവനന്തപുരം 'സായി സംഘടന'യുടെ ആഭിമുഖ്യത്തിൽ മാസത്തിൽ മൂന്നുപ്രാവശ്യം വാർഡ് ക്ളീൻ ചെയ്യുകയും പാവപ്പെട്ട രോഗികൾക്ക് ആഹാരം വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ടെക്നോപാർക്കിലെ എസ്. സോഫ്റ്റ്വെയർ എന്ന സ്ഥാപനം പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി രോഗനിർണ്ണയം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിന് കളർഡോക്കർ എന്ന ആധുനിക യന്ത്രോപകരണം റബ്ബർ ബോർഡ് വാങ്ങി നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ട്രോമാകെയർ സർവ്വീസിനായി ഒരു വെന്റിലേറ്റർ വാങ്ങി നൽകിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി കോട്ടയം മെഡിക്കൽ കോളേജിൽ ലുക്കേമിയ രോഗികൾക്കായി ഒരു വാർഡ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ശീമാട്ടി, ജോസ്കോ, മലയാള മനോരമ എന്നീ സ്ഥാപനങ്ങൾ ആശുപത്രി വാർഡുകൾ വൃത്തിയാക്കുകയും അതുമായി ബന്ധപ്പെട്ട ജോലികളും ചെയ്യുന്നുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലും തൃശ്ശൂർ മെഡിക്കൽ കോളേജിലും

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി വിവിധ സംഘടനകളുടെ പങ്കാളിത്തം ലഭിച്ചിട്ടുണ്ട്. 'സഹായി' എന്ന സംഘടന രണ്ടര ലക്ഷം രൂപ മുതൽ മുടക്കി 3, 23 എന്നീ വാർഡുകൾ പെയിന്റ് ചെയ്യിക്കുകയും പുതിയ കട്ടിലുകളും കിടക്കകളും നൽകുകയും ചെയ്തിട്ടുണ്ട്. ബാംഗ്ലൂരിലെ ഗ്രീൻ ഗ്ലോറി അസോസിയേഷൻ വാർഡ് 37-ൽ അവശ്യംവേണ്ട ട്രോളി, വീൽ ചെയേഴ്സ് എന്നിവ സംഭാവന ചെയ്തിട്ടുണ്ട്. പ്രസഹ് മെഡിക്കൽസ് എന്ന സ്വകാര്യ സ്ഥാപനം നെഫ്രോളജി വാർഡിൽ അവശ്യംവേണ്ട ഫർണിച്ചറുകൾ വാങ്ങി നൽകിയിട്ടുണ്ട്. മാധ്യമ പത്രത്തിന്റെ ആരോഗ്യ വിഭാഗം ന്യൂറോളജി ഐ. സി. യു.-വിനുവേണ്ടി രണ്ട് കട്ടിലുകൾ വാങ്ങി നൽകിയിട്ടുണ്ട്. കോഴിക്കോട് ക്ലോക്ക് മർച്ചന്റ്സ് അസോസിയേഷൻ 200 ബെഡ്ഷീറ്റുകൾ വാങ്ങി സംഭാവന ചെയ്തിട്ടുണ്ട്. മുസ്ലീം സർവ്വീസ് സൊസൈറ്റി ആശുപത്രിക്കാവശ്യമായ ട്രോളിയും വീൽ ചെയറും മോർച്ചറി ട്രോളിയും വാങ്ങിത്തന്നിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും സ്വകാര്യ പങ്കാളിത്തം അനുവദിച്ചിട്ടുണ്ട്.

(സി) 4-1-2002-ലെ സ.ഉ.(എംഎസ്.)9/2002/ആകുവ പ്രകാരം ആരോഗ്യ സംരക്ഷണത്തിന്റെ അടിസ്ഥാന സൗകര്യങ്ങളായ ആരോഗ്യ സംരക്ഷണ സേവനങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ, ആശുപത്രികൾ, ഇൻപേഷ്യന്റ് സൗകര്യങ്ങളായ സാധാരണ, ഡീലക്സ്, സൂപ്പർ സ്പെഷ്യാലിറ്റി വാർഡുകൾ, രോഗനിർണ്ണയ സൗകര്യങ്ങൾ, ആശുപത്രിമാലിന്യ നിർമ്മാർജ്ജനം, രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കുമായുള്ള സേവനങ്ങളായ ഭക്ഷണ വിതരണം, താമസ സൗകര്യം മുതലായ മേഖലകളിലാണ് സ്വകാര്യ പങ്കാളിത്തം അനുവദിച്ചിട്ടുള്ളത്. സംയുക്ത സംരംഭകർക്കും പങ്കാളിത്തമുള്ളവർക്കും ബി. ഒ. ടി (Build, Operate and Transfer) അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യമുണ്ടാക്കുന്നവർക്കും BOOM (Build Operate,Own and Maintain) പാർട്ട്നർമാർക്കും സർക്കാർ ഭൂമി ലഭ്യമാക്കാനാണ് ഉദ്ദേശ്യം. എന്നാൽ ഈ ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

(ഡി) ഇതുസംബന്ധിച്ച് തീരുമാനങ്ങൾ ഒന്നുംതന്നെ എടുത്തിട്ടില്ല.

(ഇ) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തിയിട്ടില്ല.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും സ്വകാര്യ പങ്കാളിത്തം അനുവദിച്ചിട്ടുണ്ടെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് സ്പോൺസേർസ് മീറ്റ് സംഘടിപ്പിക്കുകയുണ്ടായത്? ഇതനുസരിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും വ്യാപാര മേഖലകളിൽ നിന്നും ലഭിച്ച വാഗ്ദാനങ്ങൾ എന്തെല്ലാമാണ്, വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിച്ച വാഗ്ദാനങ്ങളെക്കുറിച്ച് സർക്കാർ വിശദമായ പഠനം നടത്തിയിട്ടുണ്ടോ, കേരളത്തിന് പുറത്തുള്ളവരിൽ നിന്നും അപേക്ഷകൾ വാങ്ങിയിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം എന്നീ നാല് മെഡിക്കൽ കോളേജുകളിലും ഇതുസംബന്ധിച്ച് സ്പോൺസർമാരുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. അതനുസരിച്ചുള്ള വ്യക്തമായ കണക്കുകളില്ലെങ്കിലും എന്റെ ഓർമ്മ ശരിയാണെങ്കിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏതാണ്ട് രണ്ടുകോടി രൂപയും കോട്ടയം മെഡിക്കൽ കോളേജിൽ ഒരു കോടി അറുപത് ലക്ഷം രൂപയും തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഏതാണ്ട് 60 ലക്ഷം രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിൽ ഏതാണ്ട് പത്തുലക്ഷം രൂപയുമാണ് സ്പോൺസർഷിപ്പായിട്ട് ലഭിച്ചത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : തിരുവനന്തപുരം മെഡിക്കൽ കോളേജ് ഒഴിച്ചുള്ള മറ്റ് മെഡിക്കൽ കോളേജുകൾക്ക് ആയിരം ഏക്കറിലധികം ഭൂമി സ്വന്തമായിട്ടുണ്ട്. ഈ ഭൂമിയും ആശുപത്രികളിൽ നിലവിലുള്ള മുഴുവൻ ജീവനക്കാരുടെ സേവനവും ആശുപത്രികളിലെ മുഴുവൻ ഉപകരണങ്ങളും ആശുപത്രികളിൽ വരുന്ന രോഗികളേയും വിട്ടുകൊടുക്കുമ്പോൾ സ്വകാര്യ പങ്കാളിത്തക്കാർ നടത്തുന്ന മുതൽമുടക്ക് എത്രത്തോളമുണ്ടെന്ന് വിശദീകരിക്കുമോ? സർക്കാർ നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾ സ്വകാര്യ വ്യക്തികൾ ചൂഷണം ചെയ്യുന്ന സ്ഥിതിവിശേഷമല്ലേ ഇതുകൊണ്ടുണ്ടാകുന്നത്?

ശ്രീ. പി. ശങ്കരൻ : ഒരു പ്രത്യേക ചോദ്യത്തിലൂടെ മാത്രമേ ഇതിന് മറുപടി നൽകുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : കേരളത്തിലെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട്, ലോകം ശ്രദ്ധിക്കുന്ന രീതിയിൽ വളരെ പ്രധാനപ്പെട്ട ഒരു തുരുത്തായിട്ട് കേരളത്തെ മാറ്റിയെടുക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഏറ്റവും അവസാനമായി ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചിട്ടുള്ള വിശദീകരണത്തിൽ എല്ലാ മെഡിക്കൽ കോളേജുകളും സ്വകാര്യവൽക്കരിക്കുമെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്, മാത്രമല്ല ജിം-ന്റെ ഭാഗമായി ഒപ്പിട്ടിട്ടുണ്ടെന്നും പറയുന്നുണ്ട്. ലാഭേച്ഛയോടുകൂടി മെഡിക്കൽ കോളേജുകളിലേക്ക് കടന്നുവരുന്ന ഇത്തരക്കാരുടെ കയ്യിലേൽപ്പിച്ചാൽ കേരളത്തിന് ലോകത്തിന്റെ മുന്നിൽ ഇന്നുള്ള ആരോഗ്യ പരിപാലനത്തിന്റെ കാര്യം ഇപ്പോഴുള്ളതുപോലെ നിലനിർത്താൻ സാധിക്കില്ല എന്നുള്ള ആശങ്കയാണ് ജനങ്ങൾക്കുള്ളത്. ആ ആശങ്ക മാറ്റുന്നതിനുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ : ഗവൺമെന്റിന്റെ നിലപാട് സുവ്യക്തമാണ്. സ്വകാര്യ പങ്കാളിത്തം അനുവദിക്കുമെന്നല്ലാതെ സർക്കാർ ആശുപത്രികൾ സ്വകാര്യ വൽക്കരിക്കുമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. ലാഭേച്ഛയോടുകൂടി വരുന്നവർക്ക് തുച്ഛമായ ലാഭത്തേക്കാൾ പതിൻമടങ്ങ് ലാഭം രോഗികൾക്കും ആശുപത്രികൾക്കും ലഭിക്കുമെന്നുള്ളതുകൊണ്ട് ഈ കാര്യത്തിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതിന് അനുകൂലമാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : മുതലാളിത്തത്തിന്റെ പുതിയ ഒരു ദർശനമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. മുതലാളിക്ക് ലാഭമില്ലെങ്കിലും വലിയ ലാഭം രോഗികൾക്കുണ്ടാകുമെന്നാണ് ഇപ്പോൾ മന്ത്രി ഇവിടെ വിശദീകരിച്ചത്. ആ വിശദീകരണത്തോട് ഞാൻ യോജിക്കുന്നില്ല. ചില സന്നദ്ധ സംഘടനകൾ കേരളത്തിലെ മെഡിക്കൽ കോളേജാശുപത്രികളിൽ നടത്തിക്കൊണ്ടിരിക്കുന്ന സേവനം, ലാഭേച്ഛയില്ലാതെ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി ചോദ്യത്തിനുത്തരമെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രി നല്ല നിലയിൽത്തന്നെ വിശദീകരിക്കുകയുണ്ടായി. എനിക്ക് പറയുവാനുള്ളത് സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി സന്നദ്ധ പ്രവർത്തനം നടത്താൻ തയ്യാറുള്ളവരെക്കൂടി ഉപയോഗിച്ച് മെഡിക്കൽ കോളേജാശുപത്രികളുടെ പ്രവർത്തനം സജീവമാക്കുന്നതിനും, ശക്തിപ്പെടുത്തുന്നതിനും, രോഗികൾക്ക് അനുകൂലമായ രീതിയിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും ഗവൺമെന്റ് നേതൃത്വം കൊടുക്കുമോ?

ശ്രീ. പി. ശങ്കരൻ : സന്നദ്ധ സംഘടനകൾ ഇപ്പോൾത്തന്നെ ആശുപത്രികളിൽ നിസ്തുലമായ സേവനങ്ങൾ നടത്തുന്നുണ്ട്. ഇത്തരം സന്നദ്ധ സംഘടനകളുടെ സേവനങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ഗവൺമെന്റ് തുടർന്നും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ : കോഴിക്കോട് മെഡിക്കൽ കോളേജിൽ സി. ടി. സ്കാൻ സ്ഥാപിക്കുന്നതിന് മുൻപ് പുറത്ത് 1800 രൂപ ഫീസ് വാങ്ങിച്ചിരുന്നത് എച്ച്. ഡി. എസ്. ഇത് സ്ഥാപിച്ചപ്പോൾ 600 രൂപയിലേക്ക് അതിന്റെ റേറ്റ് കുറയ്ക്കുകയും 20 ശതമാനം വരെ സൗജന്യം നൽകുകയും ചെയ്തിട്ടുണ്ടായിരുന്നു. അതുപോലെ ഈ മെഡിക്കൽ കോളേജിൽ എച്ച്.ഡി.എസ്. ഒരു എം. ആർ. ഐ സ്കാനർ വാങ്ങാൻ വേണ്ടി തീരുമാനിച്ചതാണ്. അത് സ്ഥാപിച്ചാൽ 7,000 രൂപയ്ക്ക് ഇപ്പോൾ പുറത്ത് ടെസ്റ്റ് ചെയ്തു കിട്ടുന്നത് 3,000 രൂപയ്ക്ക് രോഗികൾക്ക് ചെയ്തുകൊടുക്കാൻ കഴിയും. അതിന് ഇതുവരെ സർക്കാരിന്റെ അംഗീകാരം കിട്ടിയിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനിടയ്ക്ക് ആ തീരുമാനം അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന് കേരള കൗമുദി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന് അംഗീകാരം കൊടുക്കുന്നതിന് സ്വകാര്യവൽക്കരണവുമായി വല്ല ബന്ധവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: പറഞ്ഞുകേൾക്കുന്നതുമായി യാതൊരു ബന്ധവുമില്ല. എച്ച്. ഡി. എസ്. ഇത്തരമൊരു നിർദ്ദേശം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതുമാത്രമല്ല, പുറത്ത് 7,000 ഉറുപ്പികയ്ക്ക് ടെസ്റ്റ് നടത്തുന്നതിനുപകരം 3,000 ഉറുപ്പികയ്ക്ക് എച്ച്. ഡി. എസ്. എം. ആർ. ഐ. സ്കാനർ പ്രയോജനപ്പെടുത്തി പരിശോധന നടത്തുന്ന ഒരു സംവിധാനം ഉണ്ടാകുകയാണെങ്കിൽ തീർച്ചയായും അക്കാര്യം പരിശോധിച്ച് ഗവൺമെന്റ് അനുവാദം നൽകുന്നതാണ്. സാധാരണഗതിയിൽ ഇത്തരമൊരു പ്രൊപ്പോസൽ ഗവൺമെന്റിനു മുമ്പാകെ വന്നുകഴിഞ്ഞാൽ ഫോർമാലിറ്റീസ് പൂർത്തീകരിക്കാൻ കുറച്ചു സമയമെടുക്കും. ഫോർമാലിറ്റീസെല്ലാം കഴിഞ്ഞാൽ ഇത് നടപ്പിൽ വരുത്തുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ: ഗവൺമെന്റ് ആശുപത്രികളുടേയും സ്വകാര്യ ആശുപത്രികളുടേയുമിടയിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രികളിൽ രോഗികളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിനുവേണ്ടി സഹകരണ ആശുപത്രികളെ സഹായിക്കണം. അതുകൊണ്ട് മെഡിക്കൽ കോളേജ് ആശുപത്രികളെ സ്വകാര്യവത്കരിക്കുന്നതിനു പകരം സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച ആശുപത്രികൾ സഹകരണ മേഖലക്കേ കൊടുക്കൂ എന്ന രീതിയിൽ ഒരു തീരുമാനമെടുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: അങ്ങ് ഉദ്ദേശിച്ചത് സഹകരണ സംഘങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിക്കുമോയെന്നുള്ളതാണ്. സഹകരണ മേഖലയിൽ സർക്കാർ ആശുപത്രി തുടങ്ങാൻ പറ്റുകയില്ലല്ലോ. അത്തരം കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി: മെഡിക്കൽ കോളേജുകളിൽ സ്വകാര്യ പങ്കാളിത്തം നടപ്പിലാക്കുമ്പോൾ അവയുടെ സാങ്കേതികവും ഭരണപരവുമായ നിയന്ത്രണം അതാതു സ്ഥാപനങ്ങളിലെ ഡോക്ടർമാർക്കും സൂപ്രണ്ടുമാർക്കും ആയിരിക്കുമോ അതോ പണം മുടക്കുന്ന വ്യക്തികൾക്ക് ആയിരിക്കുമോ?

ശ്രീ. പി. ശങ്കരൻ: ഇതിന്റെ പരിപൂർണ്ണ നിയന്ത്രണം മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്കും സൂപ്രണ്ടുമാർക്കും തന്നെയായിരിക്കും.

ശ്രീ. പിരപ്പൻകോട് മുരളി: സ്വകാര്യ പങ്കാളിത്തം ഏർപ്പെടുത്തുമ്പോൾ സാമ്പത്തിക ശേഷി കുറഞ്ഞ രോഗികൾക്ക് സൗജന്യചികിത്സ തുടർന്നും നടത്താൻ ആവശ്യമായ നിബന്ധനകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. ശങ്കരൻ: സാധാരണഗതിയിൽ മറുപടി നൽകാൻ സാധിക്കുകയില്ലായെങ്കിലും ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളതും നിബന്ധന വച്ചിട്ടുള്ളതും 20% രോഗികൾക്ക് സൗജന്യമായി ചികിത്സ നൽകണമെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: മെഡിക്കൽ കോളേജുകളിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് പാത്തോളജി വിഭാഗത്തിലാണ്. പാത്തോളജി വിഭാഗത്തിൽ ഉപകരണങ്ങൾ പലപ്പോഴായി കേടുവരികയും റീപ്ലെയ്സ് ചെയ്യാൻ ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യുന്നതുകാരണം സ്വകാര്യ ആശുപത്രികളിലേക്ക് പോകാൻ നിർബന്ധിതമാകുകയാണ്. പാവപ്പെട്ട രോഗികൾക്ക് സൗജന്യം ലഭിക്കത്തക്കവിധത്തിലും മറ്റുള്ളവർക്ക് പേമെന്റ് അടിസ്ഥാനത്തിലും പരിശോധനകൾ നടത്തുന്നതിന് പാത്തോളജി വിഭാഗത്തെ സ്വകാര്യ പങ്കാളിത്തത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: ഗവൺമെന്റിന്റെ പ്രഖ്യാപിത തീരുമാനമാണ് സ്വകാര്യ പങ്കാളിത്തം അനുവദിക്കുക എന്നുള്ളത്. പാത്തോളജി അല്ല ഏത് വിഭാഗത്തിലായാലും ശരി ഗവൺമെന്റിന് സ്വീകാര്യമായ വ്യവസ്ഥകളോടുകൂടിയ പങ്കാളിത്തം നൽകാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സേവനങ്ങൾക്കെല്ലാം ഫീസ് ചുമത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകളിൽ ഇന്നു നൽകുന്ന സൗജന്യ ചികിത്സാ സമ്പ്രദായം ക്രമേണ നിർത്തലാക്കുന്നതിന്റെ ഭാഗമായിട്ടാണോ ആശുപത്രികളിലുള്ള ഡോക്ടർമാരെ മുഴുവൻ സ്വകാര്യ മേഖലയിലേക്ക് വിട്ടുകൊടുക്കുന്നതിനുവേണ്ടിയുള്ള സമീപനം സ്വീകരിച്ചിരിക്കുന്നത്; ഇപ്പോൾ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാർ കുറഞ്ഞിരിക്കുകയാണ്. മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരെ ഇപ്പോൾ പുതിയതായി തുടങ്ങിയിട്ടുള്ള സ്വകാര്യ മെഡിക്കൽ കോളേജുകൾ റാഞ്ചിക്കൊണ്ടിരിക്കുകയാണ്. അവർക്ക് വൻതുക കൊടുക്കുകയാണ്. ഇപ്പോൾ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരില്ല. എന്റെ മണ്ഡലത്തിലെ തലശ്ശേരി ആശുപത്രിയുടെ സ്ഥിതിയെ സംബന്ധിച്ച് നാളത്തേക്ക് ഞാനൊരു സബ്മിഷൻ എഴുതിത്തന്നിട്ടുണ്ട്. എല്ലാ ആശുപത്രികളുടേയും അവസ്ഥ ഇതാണ്. ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണോ സ്വകാര്യ പങ്കാളിത്തം മെഡിക്കൽ കോളേജുകളിൽ അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. പി. ശങ്കരൻ: ഗവൺമെന്റ് സ്വകാര്യ പങ്കാളിത്തം നടപ്പിലാക്കുന്നതിനുള്ള തീരുമാനമെടുത്തതും ഇപ്പോൾ പ്രഖ്യാപിച്ചതും രണ്ടും രണ്ട് വ്യത്യസ്ത സമയങ്ങളിലാണ്. സേവനങ്ങൾക്ക് ഫീസ് ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഇതുവരെ ഒരു തീരുമാനമെടുത്തിട്ടില്ല. സ്വാഭാവികമായും അക്കാര്യത്തിൽ പ്രയാസമുണ്ട്. മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാർ കുറവാണെന്നുള്ള അഭിപ്രായം ശരിയല്ല. കഴിഞ്ഞ കൊല്ലങ്ങളിൽനിന്ന് വ്യത്യസ്തമായി ഡോക്ടർമാർക്ക് നേരത്തേ അനുവദിച്ചിരുന്ന ചില ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിരിക്കുകയാണ്. 20 വർഷത്തോളം ലീവ് അനുവദിച്ചിരുന്നത് 10 വർഷമായി കുറച്ചു. മാത്രമല്ല ലീവെടുത്തുപോയ പല

ഡോക്ടർമാരേയും തിരിച്ചുവിളിച്ചു. പല ഡോക്ടർമാരും ആശുപത്രിയിൽ തിരിച്ചുവന്നിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജ് പോലെയുള്ള ആശുപത്രികളിൽ സാധാരണയായി ഡോക്ടർമാർ ജോലി ചെയ്യാൻ മടിച്ചിരുന്നു. അവിടെ പോകാനും ജോലി ചെയ്യാനും തയ്യാറാകുന്നതിനു പകരം മറ്റ് മെഡിക്കൽ കോളേജുകളിൽ പോകുന്നത് പതിവായിരുന്നു. പക്ഷേ കർശനമായ നിബന്ധനകൾ നടപ്പിലാക്കിയതുമൂലം ഇപ്പോൾ ആലപ്പുഴ മെഡിക്കൽ കോളേജിൽപ്പോലും ഡോക്ടർമാരുടെ എണ്ണം കുറവല്ല. പൊതുവിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ഡോക്ടർമാരുടെ എണ്ണം കുറവാണ്. കഴിഞ്ഞ കാലങ്ങളിൽ ലീവ് അനുവദിച്ചതു കാരണം പലരും നേരത്തേ ലീവെടുത്തു പോയിട്ടുണ്ട്. അവരിൽ ചിലരൊക്കെ തിരിച്ചുവരാൻ തയ്യാറായി. തിരിച്ചുവരാൻ തയ്യാറാകാത്തവരെ സർവ്വീസിൽനിന്നും ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. ഇതിനൊക്കെ പ്രധാന കാരണമായി ഞാൻ കാണുന്നത്, ഡോക്ടർമാർക്ക് ഇന്ന് അനുവദിച്ചിട്ടുള്ള ശമ്പളം വളരെ കുറവാണ്. അതുകൊണ്ടുതന്നെ ഡോക്ടർമാർ സ്വകാര്യ ആശുപത്രികളിലേക്ക് പോകുന്നത് തടയാൻ സാധിക്കുന്നില്ലായെന്നുള്ളത് സത്യമാണ്. ഇക്കാര്യത്തിൽ ഈ സഭ എന്നോട് യോജിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇന്ന് മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെ എണ്ണത്തിൽ കുറവില്ലെങ്കിലും ഈ നില തുടർന്നാൽ വരും കാലങ്ങളിൽ ഡോക്ടർമാരുടെ അഭാവം വളരെയധികം അനുഭവപ്പെടും. മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെ എണ്ണത്തിൽ കുറവ് ഇല്ലെങ്കിലും ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഡോക്ടർമാരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. ഇപ്പോൾത്തന്നെ പി. എസ്. സി. മുഖാന്തിരം നിയമനങ്ങൾ നടത്താൻ സാധിക്കുന്നില്ല. പി.എസ്.സി. അപേക്ഷ ക്ഷണിച്ചുവെങ്കിലും ഡോക്ടർമാർ അപേക്ഷ സമർപ്പിക്കുന്നില്ല. അപേക്ഷ സമർപ്പിച്ചിട്ടുള്ളവർതന്നെ അപ്പോയിന്റ്മെന്റ് ഓർഡർ കിട്ടിയാൽ ജോലി ചെയ്യാൻ തയ്യാറാകുന്നില്ല. ജോയിൻ ചെയ്താൽതന്നെ ഉടനെ ലീവിന് അപേക്ഷിക്കുകയാണ്. ലീവ് അനുവദിക്കാത്തതുകൊണ്ടാണ് ഇപ്പോൾ പോകാൻ സാധിക്കാത്തത്. ഈ നില തുടർന്നുകഴിഞ്ഞാൽ നമ്മുടെ സംസ്ഥാനം ആരോഗ്യ രംഗത്ത് പ്രതിസന്ധി അഭിമുഖീകരിക്കേണ്ടിവരും. അതുകൊണ്ട് ഡോക്ടർമാരുടെ ശമ്പളം ഉയർത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ആരോഗ്യവകുപ്പുമന്ത്രി എന്ന നിലയ്ക്ക് ഞാൻ ഈ സഭയിൽ വ്യക്തമാക്കുകയാണ്.

<u>ശ്രീ. എം. മുരളി:</u> സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാട്, പ്രത്യയശാസ്ത്രപരമായ ചിന്താഗതി മാറ്റിനിർത്തിയാൽ സാധാരണക്കാരായ രോഗികൾക്ക് വളരെ പ്രയോജനമാണ്. അതുകൊണ്ട് മെഡിക്കൽ കോളേജുകളിൽ മാത്രം ഇത് പരിമിതപ്പെടുത്താതെ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലുംകൂടി സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് വളരെ അത്യാവശ്യമുള്ള എക്സ്റേ, സ്കാൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട്, പാവപ്പെട്ട രോഗികൾക്ക് ചില ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകാനുള്ള ഒരു സംരംഭത്തിന് തുടക്കം കുറിക്കുമോ? ഇക്കാര്യത്തിൽ എം. എൽ. എ. മാരുടെ സഹായത്തോടുകൂടി അവരുടെ നേതൃത്വത്തിൽ ഇത്തരം സംരംഭങ്ങളിൽ വിദേശ മലയാളികളെക്കൂടി ഉൾപ്പെടുത്തി കാര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടിക്ക് മുൻകൈ എടുക്കുമോ?

<u>ശ്രീ. പി. ശങ്കരൻ:</u> എം. എൽ. എ. മാർ ഇക്കാര്യത്തിൽ മുൻകൈ എടുക്കുമെങ്കിൽ പൂർണ്ണമായി സഹായിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> മെഡിക്കൽ കോളേജുകളിലെ ഒഴിവുകൾ നികത്തിക്കൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് മറുപടിയായി പറയുകയുണ്ടായി. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പ്രൊഫസർമാർ, അസിസ്റ്റന്റ് പ്രൊഫസർമാർ, ഡോക്ടർമാർ ഉൾപ്പെടെയുള്ള ഒരു ഡിപ്പാർട്ടുമെന്റാണ് ന്യൂറോ സർജറി. ഒരു ഡോക്ടർപോലും ഇല്ലാത്തതിന്റെ ഫലമായി രണ്ടു മാസമായി ന്യൂറോ സർജറി ഡിപ്പാർട്ടുമെന്റ് പൂട്ടിക്കിടക്കുകയാണ്. അപകടങ്ങൾ സംഭവിച്ച് വരുന്ന നാലു ജില്ലകളിലെ പാവപ്പെട്ട രോഗികൾ ഇതിന്റെ ഫലമായി വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഇപ്പോൾ ഒരു ഡോക്ടറെ പോസ്റ്റ് ചെയ്തു. അതുകൊണ്ട് ഡിപ്പാർട്ടുമെന്റ് പ്രവർത്തിപ്പിക്കാൻ കഴിയുകയില്ല. സ്വകാര്യ പങ്കാളിത്തത്തോടുകൂടി മെഡിക്കൽ കോളേജുകളിലെ ചില ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി ഡിപ്പാർട്ടുമെന്റ് സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള നീക്കത്തിന്റെ ഭാഗമായിട്ടാണോ ഇതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. ശങ്കരൻ:</u> വളരെ ക്രൂരമായ ഒരു ആക്ഷേപമായിട്ട് ഈ ചോദ്യത്തെ ഞാൻ കാണുകയാണ്. എനിക്ക് ഇക്കാര്യത്തിലുള്ള നിലപാട് വളരെ വ്യക്തമാണ്. ന്യൂറോ സർജറി വിഭാഗത്തിൽ വേണ്ടത്ര ഡോക്ടർമാരില്ല. ഡി. പി. സി. ചേർന്നുകൊണ്ടിരിക്കുകയാണ്. ഡി. പി. സി. ചേർന്നാലുടൻതന്നെ ഡോക്ടർമാരെ നിയമിക്കുന്നതാണ്. ഇപ്പോൾ ലഭ്യമായ ഡോക്ടർമാരുടെ എണ്ണത്തിനനുസരിച്ച് ഒരാളെ നിയമിച്ചിട്ടുണ്ട്. അതുതന്നെ വളരെ കഷ്ടപ്പെട്ടിട്ടാണ് അറേഞ്ച് ചെയ്തത്. ഇനി ബാക്കിയുള്ള ഡോക്ടർമാരേയും നിയമിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്.

<u>ശ്രീ. ടി. വി. ചന്ദ്രമോഹൻ:</u> മെഡിക്കൽ കോളേജുകളിൽ പാവപ്പെട്ട രോഗികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സ്വകാര്യ പങ്കാളിത്തവും അതുപോലെ ചില ട്രസ്റ്റുകളുടെ സഹായവും സ്വീകരിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. തൃശ്ശൂർ മെഡിക്കൽ കോളേജ് പുതിയ ആസ്ഥാനമായ മുളങ്കുന്നത്തുകാവിലേക്ക് മാറുകയാണ്. ആ സന്ദർഭത്തിൽ ഇത്തരം തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റുകൾപോലെയുള്ള, രോഗികളെ മുമ്പ് സഹായിച്ച് പരിചയമുള്ള ചില സംഘടനകൾക്ക് കെട്ടിടത്തിനകത്തുതന്നെ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നിർദ്ദേശങ്ങളോ അപേക്ഷകളോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഗണിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: അപേക്ഷ ലഭിച്ചിട്ടില്ല. സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടുകൂടി ആശുപത്രികളുടെ പ്രത്യേകിച്ച് മെഡിക്കൽ കോളേജ് ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റിയോടെ പ്രവർത്തിക്കുന്ന ആദ്യത്തെ ഹോസ്പിറ്റൽ കോഴിക്കോട് നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഒരു കോടി രൂപ മുടക്കിയിട്ടുണ്ട്. ആ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആദ്യത്തേതായതുകൊണ്ട് അത് സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കാതെ കഴിഞ്ഞകാലങ്ങളെപ്പോലെ ഗവൺമെന്റുതന്നെ നടത്താനുള്ള തീരുമാനം എടുക്കുമോ; ഇതുസംബന്ധിച്ച് ചില വാർത്തകൾ വന്നു, സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കാനുള്ള ചർച്ചകൾ നടക്കുന്നു എന്ന്. ഇതുസംബന്ധിച്ചുള്ള നിജസ്ഥിതി എന്താണ്, ചർച്ച നടത്തിയിട്ടുണ്ടെങ്കിൽ ആ ചർച്ചയുടെ നിബന്ധനകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ശ്രീ. പി. ശങ്കരൻ: കോഴിക്കോട് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഒരു കാരണവശാലും സ്വകാര്യ വ്യക്തികൾക്കു വിട്ടുകൊടുക്കാനുള്ള തീരുമാനം ഗവൺമെന്റിനില്ല. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ മെഡിക്കൽ കോളേജുകളിൽ തുടങ്ങുന്നതിന് സ്വകാര്യ സംരംഭകരുമായി ഒരു ധാരണാപത്രം ഒപ്പിട്ടു എന്നല്ലാതെ തുടർന്ന് യാതൊരു ചർച്ചകളും അക്കാര്യത്തിൽ നടന്നിട്ടില്ല, അതും കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുമായിട്ട് യാതൊരു ബന്ധവുമില്ല.

ശ്രീ. സി. പി. മുഹമ്മദ്: ഓപ്പൺ ടൈപ്പ് എം. ആർ. ഐ. സ്കാനിംഗ്, ആധുനിക ശസ്ത്രക്രിയാ ഉപകരണങ്ങൾ, മൈക്രോ ബയോളജി, ബയോ കെമിക്കൽ പാത്തോളജി വിഭാഗങ്ങളിലുള്ള ആധുനിക ടെസ്റ്റുകൾ എന്നിവ തലസ്ഥാന നഗരിയിലുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജിൽവരെ ശരിക്കും ലഭ്യമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡോക്ടേഴ്സ് ഡയഗ്നോസ്റ്റിക് സെന്റർ എന്ന സ്ഥാപനത്തിന് കോട്ടയത്തും എറണാകുളത്തും തിരുവനന്തപുരത്തും സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റിന് അനുവാദം നൽകിയിരുന്നു. ഇതുസംബന്ധിച്ച് ആക്ഷേപം വന്നപ്പോൾ 20-1-1999-ന് കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിശ്ചയിച്ചു, ആ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചുവോ, ഈ സൗകര്യങ്ങൾ നമ്മുടെ താലൂക്കാശുപത്രിവരെ നടപ്പാക്കുന്നതിന് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ സേവനം ഉപയോഗിക്കാൻ ഗവൺമെൻറ് തയ്യാറുണ്ടോ?

ശ്രീ. പി. ശങ്കരൻ: ഡോക്ടേഴ്സ് ഡയഗ്നോസ്റ്റിക് സെന്ററിന്റെ അപേക്ഷ ഗവൺമെൻറ് പരിശോധിച്ചു, അവർക്ക് അനുകൂലമായ തീരുമാനം എടുത്തുകഴിഞ്ഞു എന്നാണ് എന്റെ ഓർമ്മ, എന്തായിരുന്നാലും ഇത്തരം സംരംഭകരുടെ സേവനം സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്നതിന് ഗവൺമെന്റിന് വിരോധമില്ല. അക്കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. സഹകരണ മേഖലയ്ക്ക് ഇക്കാര്യത്തിൽ കൂടുതൽ പരിഗണന നൽകുന്നതാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ആരോഗ്യ മേഖലയിൽ സ്വകാര്യ വൽക്കരണത്തെക്കുറിച്ചോ, സ്വകാര്യ പങ്കാളിത്തത്തെക്കുറിച്ചോ ചർച്ചചെയ്യുമ്പോൾ സാധാരണ എല്ലാ മേഖലകളിലും സ്വകാര്യവൽക്കരണത്തിനു വേണ്ടി വാദിക്കുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുന്ന ലോകബാങ്കുപോലും ആരോഗ്യ മേഖലയിൽ സ്വകാര്യവൽക്കരണത്തിന്റെ പ്രക്രിയ മുന്നോട്ടുകൊണ്ടുപോകുന്നതു മുഖാന്തിരം പാവപ്പെട്ടവരായ രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയിട്ടുള്ളത് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ അതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്?

ശ്രീ. പി. ശങ്കരൻ: സ്വകാര്യവൽക്കരണത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ചിലർക്കുള്ള ആശങ്കകൾ വേൾഡ് ബാങ്ക് പങ്കിട്ടു, ഇത്തരം കാര്യങ്ങൾ വേൾഡ് ബാങ്ക് അറിയിച്ചിട്ടുണ്ട്, ഇതൊക്കെ പൊതുവായിട്ടുള്ള ഒരു സമീപനമാണ്, ഗവൺമെന്റിന് ഇക്കാര്യത്തിൽ ആശങ്കയുണ്ട്, അതുകൊണ്ടുതന്നെ ഗവൺമെന്റ് സ്വകാര്യവൽക്കരണം എന്നുള്ളതിന് പകരം സ്വകാര്യ പങ്കാളിത്തമാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വർക്കല കഹാർ: മെഡിക്കൽ കോളേജുകളിലെ സ്വകാര്യ പങ്കാളിത്തത്തെക്കുറിച്ചാണ് ക്വസ്റ്റ്യൻ, അപ്പോൾ ആശുപത്രിയിലല്ല, മെഡിക്കൽ കോളേജിന്റെ കാര്യത്തിലും ഈ പങ്കാളിത്തം ഉണ്ടാകുമോ?

ശ്രീ. പി. ശങ്കരൻ: സ്വകാര്യ മെഡിക്കൽ കോളേജുകൾ സ്വാശ്രയ മേഖലയിൽ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അത് തുടർന്നും അനുവദിക്കുന്നുണ്ട്. അപ്പോൾ മെഡിക്കൽ കോളേജും മെഡിക്കൽ കോളേജ് ആശുപത്രിയും തമ്മിൽ വലിയ വ്യത്യാസം ചോദ്യകർത്താക്കളും, ഉത്തരം ഉണ്ടാക്കുന്നവരും ഉദ്ദേശിച്ചിട്ടില്ല. എന്തായിരുന്നാലും ഇത് വ്യക്തമാക്കിയതിൽ നന്ദി.

ശ്രീ. മത്തായി ചാക്കോ: മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ഡോക്ടർമാർ ഉണ്ടെന്പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.എം.സി.എച്ച്.-ൽ രണ്ടുമാസമായിട്ട് ഓപ്പറേഷൻ നടക്കുന്നില്ല, ബഹുമാനപ്പെട്ട മന്ത്രിക്ക് അത് അറിയുന്നതാണ്. ഇവിടെ പ്രശ്നം ബഡ്ജറ്റിനെ സംബന്ധിച്ചുള്ള സൂചനകൾ ഒക്കെ വന്നുകഴിഞ്ഞു, സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നു എന്നുപറഞ്ഞിട്ട് ഒരു സ്ഥലത്തും അത് തുടങ്ങിയിട്ടില്ല. പക്ഷെ ഈ പേരിൽ നിലവിൽ ആരോഗ്യ മേഖലയ്ക്കും അതുപോലെതന്നെ മെഡിക്കൽ കോളേജുകൾക്കും പ്ലാൻ, നോൺപ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക കുറവുവരുത്താൻ ഇടയുണ്ട് എന്നുള്ള സൂചനകൾ വന്നുകഴിഞ്ഞിട്ടുണ്ട്. ധനകാര്യമന്ത്രി അത്തരം ഒരു നിലപാട് എടുത്താൽ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പ്രതിപക്ഷത്തിന്റെ കൂടെ നിന്ന് അതിനെതിരായിട്ട് പൊരുതുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: ധനകാര്യമന്ത്രിക്കു മാത്രമായിട്ട് ഒരു ഗവൺമെന്റ് പോളിസി ഇല്ല. അദ്ദേഹം ഗവൺമെന്റിന്റെ മൊത്തത്തിലുള്ള നയത്തിനനുസരിച്ചാണ് തീരുമാനങ്ങൾ എടുക്കുന്നത്. എന്തായിരുന്നാലും അങ്ങയുടെ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. അങ്ങ് ഉദ്ദേശിച്ചതുപോലുള്ള കുറവുവരുത്തുന്ന ഒരു പ്രശ്നം ഉണ്ടാകില്ല.

ശ്രീ. ഷിബു ബേബിജോൺ: കേരള സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ വേൾഡ് സ്റ്റാന്റേർഡ് അനുസരിച്ച് നോക്കിയാൽ വളരെ പ്രഗൽഭരാണ്. അവരുടെ അർപ്പണ മനോഭാവം മാത്രമല്ല, അവർ ജോലിചെയ്യുന്ന ആശുപത്രികളിലെ സാഹചര്യം, അൺ ഹൈജീനിക് കണ്ടീഷൻസാണ് അവരെ ആ രീതിയിൽ എത്തിക്കുന്നത്. കാരണം മറ്റു രാജ്യങ്ങളിലൊക്കെ പുസ്തകത്തിൽ മാത്രം കാണുന്ന ഇൻഫെക്ഷൻസ് ഇവിടെ ചില ആശുപത്രികളിലും, മെഡിക്കൽ കോളേജിലും അവർക്ക് നേരിട്ട് കാണാൻ സാധിക്കുന്നു, അതിന് ചികിൽസ ചെയ്യാൻ സാധിക്കുന്നു. അതുകൊണ്ട് ഈ അൺ ഹൈജീനിക് കണ്ടീഷൻസ് മാറ്റുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിന് മെയിന്റനൻസ് ആന്റ് ഹൈജീനിക്, അല്ലെങ്കിൽ ശുചിത്വത്തിനുവേണ്ടി "സുലഭ" പോലുള്ള കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള സംഘടനകളുമായി ഒരു ധാരണയുണ്ടാക്കി, ശുചിത്വം നിലനിർത്താനും മെയിന്റനൻസ് നടത്താനും അതുപോലുള്ള സംഘടനകളെ ഏൽപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ? അതുവഴി പ്രധാനപ്പെട്ട ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. അതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: അൺ ഹൈജീനിക് കണ്ടീഷൻസ് പല ആശുപത്രികളിലും നിലവിലുണ്ട്. ആ സ്ഥിതി മെച്ചപ്പെടുത്തുവാൻ, ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായി മുന്നോട്ടുവരുന്ന സംഘടനകളുമായി ഇതിനകം തന്നെ പല ചർച്ചകളും നടന്നുവരികയാണ്. ചർച്ചകളുടെ അന്തിമരൂപം ഇതുവരെ ഉണ്ടായിട്ടില്ല, ഗവൺമെന്റ് നിർദ്ദേശിക്കുന്ന നിബന്ധനകൾ അനുസരിച്ച് മുന്നോട്ടുവരാൻ തയ്യാറുള്ളവർ ആരായിരുന്നാലും ഇക്കാര്യത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: ആരോഗ്യരംഗം സ്വകാര്യവൽക്കരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട ഒരു മേഖലയാണ് ഫാമിലി പ്ലാനിംഗ് (കുടുംബാസൂത്രണം). 1090 അവിവാഹിതരായ ആദിവാസി യുവതീ യുവാക്കളുടെ സന്താനോൽപ്പാദനശേഷി പൂർണ്ണമായും നഷ്ടപ്പെടുത്തിയ ഒരു സംഭവം വയനാട് ജില്ലയിൽ ഉണ്ടായി. കേരള ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടിയാണോ ഇത് നടത്തിയിട്ടുള്ളത്? മെഡിക്കൽ കോളേജുകൾ സ്വകാര്യവൽക്കരിക്കുമ്പോൾ താഴോട്ടും സ്വകാര്യവൽക്കരണം വരികയാണ്. ആദിവാസിക്ക് നമ്മൾ ഭൂമി കൊടുക്കില്ല, വീട്

കൊടുക്കില്ല. സന്താനോൽപ്പാദനശേഷി ഇല്ലാതാക്കുന്ന ഈ സ്വകാര്യവൽക്കരണം എങ്ങനെയാണ് അംഗീകരിക്കാൻ പറ്റുക? ഈ ഗവൺമെന്റിന്റെ അംഗീകാരത്തോടു കൂടിയാണോ അവിടെ ലാപ്രോസ്കോപ്പിക് സർജറി നടത്തിയിട്ടുള്ളത്?

ശ്രീ. പി. ശങ്കരൻ: തികച്ചും ദുരുദ്ദേശപരമായിട്ടുള്ള ഒരു ചോദ്യമായി ഞാൻ ഇതിനെ കാണുന്നു. കാരണം മെഡിക്കൽ കോളേജിലെ സ്വകാര്യ പങ്കാളിത്തവും ഈ വിഷയവുമായിട്ട് യാതൊരു ബന്ധവുമില്ല. രണ്ടാമത് ആരെയും നിർബന്ധിച്ച് വന്ധ്യംകരണം നടത്താൻ ഗവൺമെന്റ് തയ്യാറായിട്ടില്ല, അതിന്റെ ആവശ്യം ഗവൺമെന്റിനില്ല. സന്താനോൽപ്പാദനശേഷി നശിപ്പിക്കുന്നത് ഏറ്റവും വലിയ ക്രൂരകൃത്യമാണെന്ന് കരുതുന്ന ഒരു ഗവൺമെന്റാണിത്.

ശ്രീ. കെ. കെ. ഷാജു: നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിൽ ഒന്നാണ് ആലപ്പുഴ മെഡിക്കൽ കോളേജ്. ആലപ്പുഴ എം. പി. യും കൂടി ആയിരുന്നതുകൊണ്ട് അങ്ങേക്കും ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ദുരവസ്ഥയെ സംബന്ധിച്ച് നേരിട്ട് അറിയാവുന്നതാണ്. ആലപ്പുഴ മെഡിക്കൽ കോളേജ് ആലപ്പുഴ പട്ടണത്തിനകത്ത് കന്നുകാലി തൊഴുത്തിനെക്കാൾ മോശമായ രൂപത്തിൽ പ്രവർത്തിച്ചു വരികയാണ്. ഇത് വണ്ടാനത്തെ കാംപസിലേക്ക് മാറ്റുന്നതിന് പുതിയ ബ്ലോക്കുകളുടെ നിർമ്മാണം, പുതിയ വികസന പ്രവർത്തനങ്ങൾ എന്നിവ ആരംഭിക്കുന്നതിന് സ്വകാര്യ പങ്കാളിത്തത്തോടെയുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: ആലപ്പുഴ മെഡിക്കൽ കോളേജിന്റെ വണ്ടാനത്തേക്കുള്ള ഷിഫ്റ്റിംഗും, സ്വകാര്യ പങ്കാളിത്തവും തമ്മിൽ ബന്ധപ്പെടുത്താൻ ഒരുതരത്തിലും സാധിക്കില്ല. ആലപ്പുഴ മെഡിക്കൽ കോളേജ് വണ്ടാനത്തേക്ക് മാറ്റാനുള്ള നടപടിക്രമങ്ങൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: എന്റെ ചോദ്യം സ്വകാര്യ മെഡിക്കൽ കോളേജുകളിലെ സ്വകാര്യ പങ്കാളിത്തത്തെക്കുറിച്ചാണ്. അദ്ദേഹം ഇവിടെ എഴുതി തന്ന മറുപടിയല്ല വായിച്ചുകേട്ടത്. ഇവിടെ വായിച്ചുകേട്ടത് സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടുകൂടി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചാണ്. ചോദ്യം ചോദിച്ചിരിക്കുന്നത് സ്വകാര്യ പങ്കാളിത്തത്തെക്കുറിച്ചാണ്. സ്വകാര്യ പങ്കാളിത്തത്തിലെ വ്യവസ്ഥകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി ഗിരിജാ സുരേന്ദ്രൻ ചോദിച്ച ചോദ്യത്തിന് വേറെ ചോദ്യം വേണമെന്നാണ് അദ്ദേഹം മറുപടിയിൽ പറഞ്ഞത്. സഭയിൽ മന്ത്രിമാർ ഇങ്ങനെ പ്രതികരിക്കുന്നത് ശരിയല്ല. എഴുതിക്കൊടുക്കുന്ന ചോദ്യത്തിന് മറുപടി കിട്ടണം. ഞാൻ ചോദിക്കാനുദ്ദേശിച്ചത് ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്വകാര്യ പങ്കാളിത്തം ഉണ്ടാക്കിയിട്ടില്ല എന്ന് മന്ത്രി പറഞ്ഞ മറുപടി വസ്തുതയ്ക്ക് നിരക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ വച്ചിരിക്കുന്ന ഗവൺമെന്റിന്റെ പ്രോജക്ടിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്വകാര്യ പങ്കാളിത്തം എന്ന ഒരു പ്രോജക്ട് വച്ചിട്ടുണ്ട്. ഇല്ലെങ്കിൽ അക്കാര്യം ഒന്നുകൂടി മന്ത്രി നിഷേധിച്ചാൽ തെളിവ് ഞാൻ സഭയിൽ ഹാജരാക്കാൻ തയ്യാറാണ്.

ശ്രീ. പി. ശങ്കരൻ: ഞാൻ ചോദ്യം മനസ്സിലാക്കിയിട്ട് തന്നെയാണ് ഉത്തരം പറഞ്ഞത്. ഉത്തരത്തിന്റെ ഭാഗമായിട്ട് ഞാൻ പറഞ്ഞു, എല്ലാ മെഡിക്കൽ കോളേജുകളിലും സ്വകാര്യ പങ്കാളിത്തം നൽകുന്നതിന് ഗ്ളോബൽ മീറ്റിംഗിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജും എന്നുപറയുമ്പോൾ ആലപ്പുഴ മെഡിക്കൽ കോളേജ് അതിൽ നിന്ന് വിഭിന്നമല്ല. സ്വകാര്യ പങ്കാളിത്തവും സ്വകാര്യ സംരംഭകരും രണ്ടും രണ്ടാണ്. പങ്കാളിത്തം അവർ സംഭാവന നൽകുന്നതാണ്. അതിന് രണ്ടുംകൂടി ചോദ്യകർത്താവ് ആഗ്രഹിക്കുന്ന ഉത്തരം മനസ്സിൽ കണ്ടുകൊണ്ടാണ് ഉത്തരം നൽകിയത്. അതുകൊണ്ടാണ് മറ്റുള്ള സ്വകാര്യ സംരംഭകരുടെ കാര്യവും ഇവിടെ സൂചിപ്പിക്കാനുള്ള കാരണം.

ശ്രീ. സി. മമ്മൂട്ടി: സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്തുമ്പോൾ വളരെ ഗൗരവമായ ചില വിഷയങ്ങൾ കണക്കാക്കേണ്ടതുണ്ട്. ധർമ്മാശുപത്രിയെന്ന സങ്കൽപ്പം മാറി. ഇപ്പോൾ വാണിജ്യ സ്ഥാപനങ്ങളോ അറവുശാലകളോ ആയി മാറുന്ന ഈ സാഹചര്യത്തിൽ തീർച്ചയായും സ്വകാര്യ പങ്കാളിത്തം അവർ അറവുശാലയാക്കി മാറ്റാതിരിക്കാൻ, അവർ ഫീസ് വാങ്ങുന്നത് നിയന്ത്രിക്കാനും അത് കരുതലോടുകൂടി ഉറപ്പുവരുത്താനുമുള്ള ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: ഗവൺമെന്റിന്റെ പ്രഖ്യാപിത നയം തന്നെ ഇതാണ് എന്ന് ആവർത്തിച്ചാവർത്തിച്ച് ഞാൻ പറഞ്ഞു, ഫീസ് നിയന്ത്രിക്കണം, ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകൾ അംഗീകരിക്കണം, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള പാവപ്പെട്ട രോഗികൾക്ക് സൗജന്യമായ ചികിൽസ നൽകണം, ഇത്തരം വ്യവസ്ഥകൾ അംഗീകരിക്കുന്ന സ്ഥാപനങ്ങളെ മാത്രമേ സ്വകാര്യ പങ്കാളിത്തത്തിന്റെ നിബന്ധനയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുള്ളൂ.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് ഇവിടെ പറഞ്ഞത്, ഇപ്പോഴും മനസ്സിലായില്ല എന്നു തോന്നുന്നു. '(എ)' യുടെ ചോദ്യത്തിന് ഉത്തരമായി അങ്ങ് എഴുതി തയ്യാറാക്കി ഇവിടെ തന്ന മറുപടിയുണ്ടല്ലോ ആ മറുപടിക്ക് അപ്പുറം അങ്ങ് വായിച്ചു. അതാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. അങ്ങ് മനസ്സിലാക്കുന്നില്ലെങ്കിൽ ഈ സഭയിൽ എഴുതിത്തന്ന ഒരു മറുപടി, ഇത് ക്ളാസ് ആയിട്ട് നോക്കി, അതിനപ്പുറം വായിച്ചു. അപ്പോൾ ഒരു അംഗത്തിന്റെ അവകാശത്തെ ഹനിക്കുന്ന നടപടിയാണ് എന്നുള്ളതാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. എന്റെ ചോദ്യം മെഡിക്കൽ കോളേജുകൾ സ്വകാര്യ പങ്കാളിത്തത്തോടെ നടത്തുന്നതും നവീകരിക്കുന്നതും സംബന്ധിച്ച്, അങ്ങ് ഇവിടെ ഉത്തരം പറഞ്ഞപ്പോൾ ഈ എം. ജി. പി. 1-ൽ പേജ് 27-ൽ വീട്ടുകരത്തോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ സെസ് പിരിക്കണമെന്നുമുള്ള നിർദ്ദേശം മുന്നോട്ടു വച്ചിട്ടുണ്ട്. അങ്ങനെ ആരോഗ്യ സെസ് പിരിച്ചാൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടത്തുന്ന മെഡിക്കൽ കോളേജുകളിലെ സ്വകാര്യ സംരംഭകർക്കാണോ ഈ സെസ് വഴിയുണ്ടാകുന്ന വരുമാനം നൽകാൻ പോകുന്നത്. അത് അങ്ങ് വ്യക്തമാക്കാമോ?

ശ്രീ. പി. ശങ്കരൻ: എം. ജി. പി. നമ്മൾ നടപ്പിലാക്കിയിട്ടില്ല. അത് നടപ്പിലാക്കുന്ന ഘട്ടത്തിൽ ഇക്കാര്യത്തെക്കുറിച്ച് വിശദമായി ചർച്ച നടത്തിയതിനുശേഷം മാത്രമേ അത്തരം ഒരു നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുകയുള്ളൂ. അപ്പോൾ ബഹുമാനപ്പെട്ട മെമ്പറുടെ ആശങ്ക കണക്കിലെടുത്തുകൊണ്ടുള്ള ഒരു തീരുമാനം മാത്രമേ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകൂ.

ശ്രീ. തോമസ് ചാഴികാടൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ, ഏറ്റവും കൂടുതലായി സ്പോൺസേഴ്സിന്റെ സഹായം കിട്ടിയ ഒരു മെഡിക്കൽ കോളേജ് കോട്ടയം മെഡിക്കൽ കോളേജാണെന്ന് പറഞ്ഞു. വർഷങ്ങൾക്ക് മുൻപ് അവിടെ ക്യാൻസർ സെന്റർ തുടങ്ങുന്നതിന് രണ്ടു കോടിയിലധികം രൂപ ജനങ്ങളുടെ സഹായത്തോടുകൂടി സമാഹരിച്ച സ്ഥലമാണ് കോട്ടയം. അതുപോലെ തന്നെ മന്ത്രി ഇവിടെ പറഞ്ഞ എസ്. ബി. ടി., റബ്ബർ ബോർഡ്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, മലയാള മനോരമ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായം, ഈ വർഷം ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാറും ഞാനും കോട്ടയം കളക്ടറുമൊക്കെ ചേർന്ന് ഏതാണ്ട് ഒരു കോടി നാൽപ്പത് ലക്ഷം രൂപയോളം സമാഹരിച്ചു, അതിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇത്തവണത്തെ ഗവർണറുടെ പ്രസംഗത്തിൽ മൂന്ന് മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസായി മാറ്റുവാൻ, അതിൽ കോട്ടയം മെഡിക്കൽ കോളേജും ഉണ്ട്. സ്വകാര്യ സംരംഭകരുടെ സഹായം പോലെതന്നെ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികളും കേരളത്തിന് സാമ്പത്തികമായി ബുദ്ധിമുട്ടുള്ള ഒരു സാഹചര്യത്തിൽ, ആരോഗ്യ മേഖലയിൽ കൂടുതൽ പണം മുടക്കാൻ ഗവൺമെന്റിന് കഴിയാത്ത ഒരു സാഹചര്യത്തിൽ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി സെന്റർ ഓഫ് എക്സലൻസായി കോട്ടയം മെഡിക്കൽ കോളേജിനെ ഉയർത്തുന്നതിനുള്ള പദ്ധതി ഏത് ഘട്ടം വരെയെത്തിയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

മി. സ്പീക്കർ: ഇതും ചോദ്യവുമായിട്ടുള്ള ബന്ധം എന്താണ് മി. ചാഴികാടൻ.

ശ്രീ. തോമസ് ചാഴികാടൻ: സ്വകാര്യവൽക്കരണം പോലെ തന്നെയാണ് സർ....

മി. സ്പീക്കർ: സെന്റർ ഓഫ് എക്സലൻസ് എന്നുപറഞ്ഞാൽ ഇതാണോ?

ശ്രീ. തോമസ് ചാഴികാടൻ: സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് സർ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതല്ലല്ലോ ഇത്, ചോദ്യം അതല്ല, സെന്റർ ഓഫ് എക്സലൻസ് എന്നുപറയുന്നതും സ്വകാര്യവൽക്കരണവുമായിട്ട് ബന്ധമില്ല മി. തോമസ് ചാഴികാടൻ. യേസ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഗവൺമെന്റിന്റെ പുതിയ നയമനുസരിച്ച് സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജുകൾ അനുവദിച്ചിട്ടുണ്ട്. അവിടെ കുട്ടികളെ പഠിപ്പിക്കുന്നതിന് ഉപകരിക്കുമെന്നുള്ളതല്ലാതെ ആ ഹോസ്പിറ്റലുകളിൽ രോഗികൾ ചെന്നാൽ പതിനായിരക്കണക്കിന് രൂപ കൊടുക്കാതെ അവർക്ക് മടങ്ങിപ്പോകാൻ കഴിയില്ല. അപ്പോൾ ഗവൺമെന്റ് വിവക്ഷിക്കുന്ന രൂപത്തിലുള്ള, സൗജന്യ ചികിൽസ അവിടെനിന്ന് ജനങ്ങൾക്ക് ലഭിക്കുന്നില്ല. യാഥാർത്ഥത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മദ്ധ്യത്തിൽ വരുന്ന മദ്ധ്യ തിരുവിതാംകൂർ പ്രദേശത്തെ ബഹുജനങ്ങൾക്കും സൗജന്യമായ, അല്ലെങ്കിൽ മിതമായ നിരക്കിലുള്ള ചികിൽസ കിട്ടുന്നില്ല എന്നുള്ളത് സത്യമാണ്. ഈ രൂപത്തിലുള്ള ഒരു ദുരവസ്ഥ, സാംസ്കാരികമായി വളരെ ഔന്നത്യത്തിൽ നിൽക്കുന്ന ആ പ്രദേശത്തെ ഈ ദുരവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടി ഞങ്ങൾ ജനപങ്കാളിത്തത്തോടുകൂടി അടൂർ കേന്ദ്രീകരിച്ച് എം. എൽ. എ.യുടെ ഏരിയ ഡവലപ്മെന്റ് ഫണ്ടിൽനിന്നുള്ള തുക കൂടി ഉപയോഗിച്ച് ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചാൽ ഈ മെഡിക്കൽ കോളേജിന്റെ ഇപ്പോഴത്തെ പോരായ്മ മാറ്റുന്നതിനുവേണ്ടി, മേജർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലാക്കി ഇത് മാറ്റുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കുമോ?

(മറുപടി പറഞ്ഞില്ല)

ശ്രീ. പി. എസ്. സുപാൽ: നമ്മുടെ മെഡിക്കൽ കോളേജുകൾ അടക്കം സ്വകാര്യവൽക്കരിക്കുന്നതിനെ സംബന്ധിച്ചുള്ള നയം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കുകയുണ്ടായി. ആരോഗ്യ മേഖലയെ സംബന്ധിച്ചിടത്തോളം സേവന മേഖലയിൽ നിന്ന് ആരോഗ്യ മേഖലയെ മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് സർ. അതുകൊണ്ട് സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിച്ചുകൊണ്ട് നമ്മുടെ മെഡിക്കൽ കോളേജുകളടക്കമുള്ള സർക്കാർ ആശുപത്രികളെ സാധാരണക്കാർ ആശ്രയിക്കുന്ന ആശുപത്രിയെന്നുള്ള നിലയ്ക്ക് സേവന മേഖലയിൽ നിലനിറുത്തുന്നതിനുവേണ്ടി, പരമാവധി ഗവൺമെന്റ് സഹായം ഉറപ്പുവരുത്തിക്കൊണ്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ? ഇപ്പോൾ ആരോഗ്യ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതം കുറവാണ്. അതെല്ലാം തന്നെ സ്വകാര്യ മേഖലയെ സഹായിക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമാണ്. ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിക്കൊണ്ട് സർക്കാർ ആശുപത്രികളുടെ പ്രവർത്തനം, മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കിക്കൊണ്ടു പോകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: സ്വകാര്യവൽക്കരണം, എന്താണ് നിങ്ങൾ ഇങ്ങനെ ചോദിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ: സ്വകാര്യവൽക്കരണം പാടില്ല സർ, അതുകൊണ്ടാണ്.

ശ്രീ. പി. ശങ്കരൻ: ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ രണ്ടും ഇരുപത്തിഅഞ്ചും ഒരേ വിഷയമായതിനാൽ ഒരുമിച്ച് എടുക്കാവുന്നതാണ്.

പോലീസ് സേനയെ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ

*2 [2] ശ്രീ. എം. വി. ജയരാജൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്താനും സേവനവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പോലീസ് സേനയുടെ ഇന്നത്തെ പ്രവർത്തനത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും സേനയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സർക്കാർ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കമ്മീഷന്റെ ഘടന എന്താണ്;

(ഇ) ഈ കമ്മീഷന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) 2002-03 വർഷങ്ങളിലെ പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ഉപദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ജസ്റ്റിസ് കെ. ടി. തോമസ് (റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജ്) ചെയർമാനായും, ശ്രീ. കെ. വി. രാജഗോപാലൻ നായർ (റിട്ടയേർഡ് ഡി.ജി.പി), ശ്രീ. ടി. എൻ. ജയചന്ദ്രൻ, ഐ. എ. എസ്., (മുൻ വൈസ് ചാൻസലർ, കോഴിക്കോട് സർവ്വകലാശാല, റിട്ടയേർഡ് അഡീഷണൽ ചീഫ് സെക്രട്ടറി) എന്നിവർ അംഗങ്ങളായി പോലീസ് പെർഫോർമൻസ്

LIBRARY ARCHIVES Kerala Legislative Assembly